File No.HEALTH-A2/1/2021-HEALTH

16744 PCA Missent DHS

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ആരോഗ്യ വകുപ്പിന് കീഴിൽ പീരുമേട് താലൂക്കാശുപത്രിയിൽ ഒരു ജൂനിയർ കൺസൾട്ടന്റ് (അനസ്തീഷ്യ) തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(കൈ) നം.69/2021/ആ.കു.വ തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1 സ.ഉ (അച്ചടിച്ചത്) നം.69/2010/ആകുവ തീയതി 17.02.2010.

2 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.01.2021, 08.01.2021 തീയതികളിലെ പി.എൽ.എ3-60384/2020/ആവഡ നമ്പർ കത്തുകൾ.

ഉത്തരവ്

പീരുമേട് താലൂക്കാശുപത്രിയിൽ മെറ്റേണിറ്റി യൂണിറ്റും ഓപ്പറേഷൻ തീയേറ്ററും പ്രവർത്തന സജ്ജമാക്കുന്നതിന് അനസ്തീഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റിന്റെ രണ്ട് തസ്തികകൾ സൃഷ്ടിക്കണമെന്ന് പരാമർശ കത്തുകൾ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി. പീരുമേട് താലൂക്കാശുപത്രിയിൽ അനസ്തെറ്റിസ്റ്റിന്റെ തസ്തിക നിലവിലില്ലാത്തതിനാൽ, നിർദ്ധനരായ രോഗികളെ 100 കിലോമീറ്റർ അകലെയുള്ള ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് പറഞ്ഞു വിടേണ്ടതായി വരുന്നതായും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആർദ്രം പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന സ്റ്റാഫ് പാറ്റേൺ പ്രകാരം താലൂക്കാശുപത്രികളിൽ അനസ്തെറ്റിസ്റ്റിന്റെ രണ്ട് തസ്തികകൾ ആവശ്യമാണ്. എന്നാൽ പീരുമേട് താലൂക്ക് ആശുപത്രിയിൽ അനസ്തറ്റിസ്റ്റിന്റെ തസ്തിക നിലവിലില്ല. പ്രസ്തുത സാഹചര്യം പരിഗണിച്ച് പീരുമേട് താലൂക്കാശുപത്രിയിൽ അനസ്തീഷ്യ വിഭാഗത്തിൽ 45800 - 89000 ശമ്പള സ്കെയിലിൽ ഒരു ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജൻ നാംദേവ് ഖൊബ്രഗഡെ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്:-

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം) [ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം]

സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പീരുമേട്, ഇടുക്കി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ്.

ധനകാര്യ വകുപ്പ് (13/ 2/ 2021 ലെ എച്.എൽ.ടി -ബി 1 / 55 / 2020 - ഫിൻ നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

വിവര പൊതുജന സമ്പർക്ക (Web & New Media) വകുപ്പ്.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKALA R
Date: 2021.02.26 12:29:28 IST
Reason: Approved
സെക്ഷൻ ഓഫീസർ

മേലെഴുത്ത് കത്ത് നം: പി.എൻ.എ3/60384/2020/ആ.വ.ഡ. തീയതി 22/3/'21

---

പകർപ്പ് ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർക്കും പീരുമേട് താലൂക്കാശുപത്രി സൂപ്രണ്ടിനും അറിവിലേക്കും അടിയന്തിര നടപടികൾക്കുമായി അയക്കുന്നു.

വിശ്വസ്തതയോടെ,

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

പകർപ്പ്: 1 സൂപ്രണ്ട്,
ഇ.എ. സെക്ഷൻ
2, സ്റ്റാറ്റ്/3 വെബ്സൈറ്റ്.

DHS